SDOF SUNDAY

Vol. 01 No. 08 THE ONLINE OFFICIAL NEWS BULLETIN OF SDOF 2026 July 12

പൗലോസ് ദ്വിതീയൻ ബാവാ അനുസ്മരണ സമ്മേളനം ദേവലോകം കാതോലിക്കേറ്റ് അരമനയിൽ പരിശു ദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യുസ് തൃതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യുന്നു. രാജ് ഫിലിപ്, ഷിബു കെ. ഏബ്രഹാം, ബോബിൻ മാർക്കോസ്, ഫാ. ബിജു ടി. മാത്യു, അബിൻ വർക്കി എംഎൽഎ, അഡ്വ. ഉമ്മൻ ജോൺ, ഡോ. ജോഷ്വാ മാർ നിക്കോദിമോസ്, അഡ്വ. ബിജു ഉമ്മൻ, റെയ്ച്ചൽ എന്നിവർ സമീപം.

പ. പൗലോസ് രണ്ടാമൻ ബാവായുടെ ഓർമ്മപ്പെരുന്നാൾ തിങ്കളാഴ്ച

കോട്ടയം: പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് രണ്ടാമൻ ബാവായുടെ അഞ്ചാം ഓർമ്മപ്പെരുന്നാൾ ജൂലൈ 12, 13 തീയതികളിൽ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ നടക്കും. പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ മുഖ്യ കാർമ്മികത്വം വഹിക്കും.

‘പൗലോസ് ദ്വിതീയൻ ബാവാ ധന്യജീവിതം നയിച്ച ഇടയൻ’

കോട്ടയം: പ്രാർഥനയാലും അപരനോടുള്ള സ്നേഹത്താലും സ്വജീവിതത്തെ ധന്യമാക്കിയ ഇടയനായിരുന്നു പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവായെന്നു പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യുസ് തൃതീയൻ കാതോലിക്കാ ബാവാ. പൗലോസ് ദ്വിതീയൻ ബാവായുടെ ഓർമപ്പെരുന്നാളിന്റെ ഭാഗമായി സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ് ദേവലോകത്തു സംഘടിപ്പിച്ച ‘നിത്യ സ്മൃതി’ അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു കാതോലിക്കാ ബാവാ. അശരണരെ സഹായിച്ച പൗലോസ് ദ്വിതീയൻ ബാവായ്ക്കുള്ള സമർപ്പണമാണു സഭാമക്കളുടെ സ്നേഹചാലഞ്ചുകളെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

അബിൻ വർക്കി എംഎൽഎ, മലങ്കര അസോസിയേഷൻ സെക്രട്ടറി ബിജു ഉമ്മൻ, ദേവലോകം അരമന മാനേജർ യാക്കോബ് റമ്പാൻ, ഫാ. ബിജു ടി. മാത്യു, ഷിബു കെ.ഏബ്രഹാം, ഉമ്മൻ ജോൺ, ബോബിൻ മാർക്കോസ് എന്നിവർ പ്രസംഗിച്ചു.

പൗലോസ് ദ്വിതീയൻ ബാവായുടെ അഞ്ചാം ഓർമപ്പെരുന്നാളിനു ദേവലോകം കാതോലിക്കേറ്റ് അരമനയിൽ ഡോ. ജോഷ്വാ മാർ നിക്കോദിമോസ് കൊടിയേറ്റി. കുർബാനയിൽ അദ്ദേഹം മുഖ്യ കാർമികനായി. യാക്കോബ് റമ്പാൻ, ഫാ. ഗീവർഗീസ് ജോൺ സൺ എന്നിവർ സഹകാർമികരായി.

SDOF Sunday ഏഴാം പതിപ്പിന്റെ പ്രകാശനം പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യുസ് തൃതീയൻ കാതോലിക്കാ ബാവാ നിർവ്വഹിച്ചു.

SDOF SUNDAY

Vol. 01, No. 08, 2026 July 12

Editorial Board

President
H.G. Geevarghese Mar Philoxenos

Vice President
Fr. Biju T Mathew

General Secretary
Shibu K Abraham

Treasurer
Adv. Oommen John

Publisher
Fr. V G Koshy Vaidyan

Chief Editor
Raj Philip

Editorial Board Members

Prinu T Mathews
Santhosh Daniel

Published by Fr. V G Koshy Vaidyan on behalf of St. Dionysius Orthodox Fellowship for the glory of God and for the benefit of humankind.

Typesetting & Design
Joice Thottackad
Sophia Print House, Kottayam
Mob: 7012270083

For Private Circulation only

Send your articles and news to the following

E-mail
sdofsunday@gmail.com
or
Whatsapp No.
7012270083

സങ്കീർത്തന ധ്യാനം

ഫാ. ബിജു റ്റി. മാത്യു പുത്തൻകാവ്

34-ാം സങ്കീർത്തനം

പ്രകാശിക്കുന്ന മുഖം: ദൈവസ്വരൂപത്തിന്റെ പുനഃസ്ഥാപനം

1 ശമുവേൽ 21 : 10-15 ശൗലിന്റെ പീഡ വർദ്ധിച്ചപ്പോൾ, ദാവീദ് ജീവരക്ഷയ്ക്കായി ഫെലിസ്ത്യ രാജാവായ അബീമേലേക്കിന്റെ അടുക്കലേക്ക് പോയി. ചെന്നുപറ്റിയ സ്ഥലം അപകടപൂർണ്ണമാണെന്ന് മനസ്സിലാക്കിയ ദാവീദ്, രക്ഷപ്പെടുവാൻ ബുദ്ധിഭ്രമം നടിച്ചു. ജീവരക്ഷ കിട്ടിയപ്പോൾ ദൈവം ദാവീദിനെ താങ്ങി നടത്തിയത് ഓർത്തുകൊണ്ട് ദൈവത്തോടുള്ള കൃതജ്ഞതാ പ്രകാശനമായി രക്ഷിച്ചതാണ് ഈ സ്തോത്രഗീതം.

ദൈവത്തിന്റെ രക്ഷയുടെ അനുഭവം (സങ്കീ. 34 : 1-10)
കർത്താവിലുള്ള ഭയത്തിന്റെ വഴി (സങ്കീ. 34: 11-14)
നീതിമാന്റെ ദൈവം (സങ്കീ. 34: 15-22)

1. ക്രിസ്തു കേന്ദ്രീകൃത നോട്ടം: രക്ഷയുടെ മാർഗ്ഗം

സങ്കീ. 34:5 അവങ്കലേക്ക് നോക്കിയവർ പ്രകാശിതരായി 'നോക്കുക' 'നോട്ടം' എന്നതിന് സമാനമായി ഉപയോഗിച്ചിരിക്കുന്ന എബ്രായ വാക്ക് 'NABAT' എന്നതാണ്. പ്രതീക്ഷയുടെയും ആശ്രയത്വത്തോടെയും ദൈവത്തെ ഉറ്റുനോക്കുക, തല ഉയർത്തി നോക്കുക എന്നതാണ് ഇതു കൊണ്ട് അർത്ഥമാക്കുന്നത്.

'പ്രകാശിച്ചു' പ്രകാശിതരായി എന്നതിന് 'Nahar' എന്ന എബ്രായ വാക്കാണ് ഇവിടെ ഉപയോഗിച്ചിട്ടുള്ളത്. 'പ്രകാശം കൊണ്ട് മിനുങ്ങുക', 'പ്രവാഹം പോലെ ഒഴുകി തിളങ്ങുക' എന്നതാണ് അർത്ഥമാക്കുന്നത്.

ജീവിതത്തിന്റെ തകർച്ചയിലും തളർച്ചയിലും ഒരു നിഷ്ക്രിയമായി കാഴ്ചയ്ക്കു വേണ്ടിയല്ല ഈ നോട്ടം പിന്നെയോ ജീവിതം, പ്രകാശം കൊണ്ട് തിളങ്ങുവാൻ ഉറച്ച ബോദ്ധ്യത്തോടും ഏറെ പ്രത്യാശയോടും കൂടിയുള്ള ആത്മസമർപ്പണത്തിന്റെ പൂർണ്ണതയാണിത്. സന്യാസി പിതാവായ വിശുദ്ധ അന്തോണിയോസ് ഈ വെളിച്ചത്തെക്കുറിച്ച് പറയുന്നത് ഇപ്രകാരമാണ്. "ലോകം മുഴുവൻ ഇരുട്ടിലായാൽ വെളിച്ചമുള്ള ഒരുവൻ വ്യത്യസ്തനായി തോന്നും".

"പുറപ്പാട് 34 : 30-ൽ വായിക്കുന്നു എല്ലാവരും മോശയെ നോക്കിയപ്പോൾ അവന്റെ മുഖത്തിന്റെ ത്വക്ക് പ്രകാശിക്കുന്നതു കണ്ടു". മോശ സീനായ് മലയിൽ നാൽപത് രാവും പകലും ദൈവത്തോടു സംസാരിച്ചു. ഇറങ്ങിവന്നപ്പോൾ മുഖം പ്രകാശിക്കുകയാണ്.

"അപ്പോസ്തോല പ്രവൃത്തികൾ 6:15 ന്യായാധിപസംഘത്തിൽ ഇരുന്ന എല്ലാവർക്കും അവനെ ഉറ്റുനോക്കി അവന്റെ മുഖം ഒരു ദൈവദൂതന്റെ മുഖം പോലെ കണ്ടു". സ്തേഫാനോസിന് ഏറ്റ പീഡകളാൽ സ്വർഗ്ഗത്തിലേക്ക് നോക്കി. മുഖം പ്രകാശിതമായി. വീണ്ടും എബ്രായർ 12:2-ൽ കാണുന്നു വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കുക എന്ന്.

2. രക്ഷയുടെ മാർഗ്ഗത്തിലെ പ്രകാശിത ജീവിതം

a). Light Indicates Danger:

നിസ്സായിലെ ഗ്രിഗറി: ആത്മാവ് ദൈവത്തോട് അടുക്കുമ്പോൾ ആദ്യം കാണുന്നത് സ്വന്തം ഇരുട്ടാണ്. ആത്മീയ ജീവിതത്തിൽ ദൈവത്തിന്റെ പ്രകാശം മനുഷ്യന്റെ പാപത്തെയും ആത്മീയ അപകടങ്ങളെയും വെളിപ്പെടുത്തുന്നു. പ്രകാശം നമ്മുടെ ഹൃദയത്തിലെ അഹങ്കാരം അസൂയ, സ്വാർത്ഥത, വഞ്ചന എന്നിവയെ കാണിച്ചു തരുന്നു.

രോഗം തിരിച്ചറിയാതെ ചികിത്സ സാധ്യമല്ലാത്തതുപ്പോലെ, പാപം തിരിച്ചറിയാതെ മാനസാന്തരം സാധ്യമല്ല. ആയതിനാൽ ആത്മീയ ജീവിതത്തിൽ കുമ്പസാരം, ഉപവാസം, നോമ്പ് എന്നിവ ദൈവീകപ്രകാശത്തിൽ ആത്മ പരിശോധനയുടെ മാർഗ്ഗങ്ങളാണ്.

b). Light Indicates the real way. വി. യോഹന്നാൻ 8:12

ഞാൻ വെളിച്ചമാകുന്നു എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കുകയില്ല.

a) "**വി. അഗസ്തീനോസ് :** വഴി എവിടെ എന്ന് ചോദിക്കരുത് അവർ ഭൂപടം പിന്തുടർന്നില്ല ഒരു മുഖം പിന്തുടർന്നു. ആ മുഖം അവർക്ക് വഴിയായി മാറി".

b) St. Gregory of Nyssa : "Every Christian is like a moon. We have no light of our Own. We only reflect the Sun ie, Christ"

c). Light lighten Others; Enlightened life enlighten others

അന്ധകാരത്തിൽ അലയുന്നവർക്കും തപ്പിതടയുന്നവർക്കും പ്രകാശഗോപുരമായിരിക്കുന്നവനായിട്ടാണ് ഓരോ ക്രിസ്ത്യാനിയും വിളിക്കപ്പെട്ടിരിക്കുന്നതും 1 പത്രോസ് 2 : 9...

ഒരു കനൽക്കട്ട അതിനോടു ചേർന്നു കിടക്കുന്ന കരിക്കട്ടയെ പ്രകാശിപ്പിക്കുന്നതുപ്പോലെ, ചന്ദ്രൻ സൂര്യപ്രകാശത്തെ പ്രതിഫലിക്കുന്നതുപ്പോലെ നീതിയിൽ സൂര്യനായ ക്രിസ്തുവിന്റെ ശോഭ ഏറെയേറെ പ്രതിഫലിപ്പിക്കുവാനും പ്രസരിപ്പിക്കുവാനും നമക്ക് കടമയും കർത്തവ്യവുമുണ്ട്.

"വലിയ മാർ ബസേലിയോസ്: വിശുദ്ധൻ വെളിച്ചം സൃഷ്ടിക്കുന്നില്ല എന്നാൽ ദിനംതോറും പ്രതിഫലിപ്പിക്കുന്നു". ❑

സ്വീകാര്യക്ഷമരായ കേൾവിക്കാർ ഫലം നൽകുന്നു

(പെന്തിക്കോസ്തിക്കുശേഷം എട്ടാം ഞായർ)

വി. മർക്കോസ് 4:1-20

ഗീവർഗീസ് മാർ പീലക്സിനോസ്



ക്രിസ്തുവിന്റെ ദൈവരാജ്യ പ്രഘോഷണ വേളയിലെ വളരെ കാതലായ രൂപമാണ് ഉപമകൾ. യേശുക്രിസ്തുവിന്റെ പ്രബോധനങ്ങളിൽ മൂന്നിലൊരു ഭാഗം ഉപമകളിലടങ്ങിയിരിക്കുന്നു. 'ഉപമകളിലൂടെയല്ലാതെ അവൻ ഒന്നും അവരോടു പറഞ്ഞിരുന്നില്ല' (വി. മത്തായി 13:34). ഉപമകൾ ദൈവരാജ്യത്തിന്റെ മർമ്മങ്ങൾ അറിയുവാനുള്ള വരമാണ് (വി. ലൂക്കോസ് 8:10). യേശുവിന്റെ ഉപമകൾക്ക് ചില സവിശേഷതകൾ അവകാശപ്പെടാനുണ്ട്. അവയ്ക്ക് ഒരു പുതുമയും വശ്യതയുമുണ്ടായിരുന്നു. അനുദിന ജീവിതത്തിലെ സാധാരണ സംഭവങ്ങളും അനുഭവങ്ങളുമാണ് ഉജ്ജ്വലവും വാചാലവുമായ 'ഉപമകളായി' യേശു അവതരിപ്പിച്ചത്. എങ്കിലും അവയ്ക്ക് ഒരു നവീനത ഉണ്ടായിരുന്നു.

സമവീക്ഷണ സുവിശേഷങ്ങളിലെല്ലാം രേഖപ്പെടുത്തിയിരിക്കുന്ന ഒരു ഉപമയാണ് വിതയ്ക്കുന്നവന്റെ ഉപമ. ഇന്നത്തെ വി. ഏവൻഗേലിയോൻ ഭാഗമായി നിശ്ചയിച്ചിട്ടുള്ളത് വി. മർക്കോസ് 4:1-20 വരെയുള്ള ഭാഗങ്ങളിലെ വിതയ്ക്കുന്നവന്റെ ഉപമയും അതിന്റെ പൊരുളും അടങ്ങിയതാണ്.

വിതക്കാരന്റെ ഉപമ

ദൈവവചനത്തിന്റെ പ്രസക്തിയും മേന്മയും വിളിച്ചോതുന്ന ഉപമയാണിത്. വിതക്കാരൻ ദൈവമാണ്. വിത്ത് ദൈവവചനവും വിതസ്ഥലം മനുഷ്യഹൃദയവുമാണ്. സ്വർഗ്ഗരാജ്യത്തിലേക്കുള്ള പ്രവേശനവും അനുഭവവും ഓരോ ക്രിസ്ത്യാനിയും എത്ര പ്രാധാന്യത്തോടെ ഉൾക്കൊള്ളണമെന്നതാണ് യേശു പഠിപ്പിക്കുന്നത്. എല്ലാ മനുഷ്യർക്കും സ്വർഗ്ഗരാജ്യാനുഭവം സാധ്യമല്ല എന്നതും ഇതിൽ വ്യക്തമാക്കുന്നു. വചനം ഗ്രഹിക്കുന്നതും അതിന്റെ ആത്മാർത്ഥമായ സ്വീകരണവും വ്യക്തികൾക്ക് എങ്ങനെ പ്രയോജനകരമാകുന്നു എന്നതാണ് യേശു ഈ ഉപമയിലൂടെ വെളിവാക്കുന്നത്.

നാലുതരം മനുഷ്യഹൃദയങ്ങളിൽ വീഴുന്ന വിത്തും അതിന്റെ പൊരുളുമാണ് ഇവിടെ നാം ശ്രദ്ധിക്കുന്നത്.

1. വഴിയരികെ വീണ വിത്ത്: 'വിതയ്ക്കുമ്പോൾ ചിലതു വഴിയരികെ വീണു, പറവകൾ വന്ന് അതു തിന്നുകളഞ്ഞു' (വാ. 4). ഒരു കൂട്ടം ആളുകളുടെ സ്ഥിതിയാണിത്. സാത്താന്റെ തേരോട്ടം ഹൃദയങ്ങളിൽ ഉള്ളവർക്ക് വിതയ്ക്കപ്പെട്ട വിത്ത് അവിടെ സൂക്ഷിക്കുവാനോ വളർത്തുവാനോ സാധിക്കുന്നില്ല. സാത്താൻ വചനം എടുത്തു കളയുന്നു. വിത്തിന് അല്പംപോലും അവിടെ നിലനിൽക്കുവാൻ കഴിയുന്നില്ല. 'വഴിയരികെ ഉള്ളവർ കേൾക്കുന്നവർ എങ്കിലും അവർ വിശ്വസിച്ചു രക്ഷിക്കപ്പെടാതിരിപ്പാൻ പിശാചു വന്നു അവരുടെ ഹൃദയത്തിൽ നിന്നു വചനം എടുത്തു കളയുന്നു' (വി. ലൂക്കോസ് 8:12).

ദൈവത്തിന്റെ സാന്നിധ്യം നിറഞ്ഞിരിക്കേണ്ട മനുഷ്യഹൃദയത്തിൽ പിശാചിന്റെ ശക്തി കുടികൊള്ളുന്നതിനാൽ വചനമായ ക്രിസ്തുവിന് അവിടെ നിൽക്കുവാൻ സാധിക്കുന്നില്ല. വികാരപരമായി വചനം കേൾക്കുന്നവരാണവർ. പക്ഷേ അതിന്മേൽ വേണ്ട ശ്രദ്ധയും സ്വീകരണവും ഉണ്ടാകുന്നില്ല. 'നീ അവർക്കു മധുരസ്വരവും വാദ്യനൈപുണ്യവും ഉള്ള ഒരുത്തന്റെ പ്രേമഗീതംപോലെ ഇരിക്കുന്നു. അവർ നിന്റെ വചനങ്ങളെ കേൾക്കുന്നു; ചെയ്യുന്നില്ല താനും' (യെഹ. 33:32).

'എന്റെ ഈ വചനങ്ങൾ കേട്ടു ചെയ്യാത്തവൻ ഒക്കെയും മണലിന്മേൽ വീടു പണിത മനുഷ്യനോടു തുല്യനാകുന്നു' (വി. മത്തായി 7:26). സാത്താൻ നല്ല വിത്ത് എടുത്തു കളയുക മാത്രമല്ല കളകൾ നിക്ഷേപിക്കുകയും ചെയ്യുന്നു. 'വയൽ ലോകം, നല്ല വിത്ത് രാജ്യത്തിന്റെ പുത്രന്മാർ, കള ദുഷ്ടന്റെ പുത്രന്മാർ, അത് വിതച്ച ശത്രു പിശാച്, കൊയ്ത്ത് ലോകാവസാനം' (വി. മത്തായി 13:38, 39).

2. പാറമേൽ വീണ വിത്ത്: 'ചിലതു പാറസ്ഥലത്തു ഏറെ മണ്ണില്ലാത്തിടത്തു വീണു. മണ്ണിനു താഴ്ച ഇല്ലായ്കയാൽ ക്ഷണത്തിൽ മുളച്ചുവന്നു. സൂര്യൻ ഉദിച്ചപ്പോൾ ചൂടുതട്ടി, വേരില്ലായ്കകൊണ്ട് ഉണങ്ങിപ്പോയി' (വാ. 5, 6). വിത്ത് വിതയ്ക്കപ്പെടുന്നുവെങ്കിലും മണ്ണിന് ആഴമില്ലാത്തതുകൊണ്ട് ശരിയായ വളർച്ച ഉണ്ടാകുന്നില്ല.

അവർ ഉള്ളിൽ വേരില്ലാത്ത ക്ഷണികന്മാർ ആണ്. ഉദാസീനരായ കേൾവിക്കാർ. വചനം സന്തോഷത്തോടെ കൈക്കൊള്ളുന്നെങ്കിലും തൽക്കാലം വിശ്വസിക്കുകയും പരീക്ഷാസമയത്ത് പിൻവാങ്ങിപ്പോകുകയും ചെയ്യുന്നവരാണ്.

വചനം നിമിത്തം ഉപദ്രവവും പീഢയും ഉണ്ടായാൽ ക്ഷണത്തിൽ ഇടറിപ്പോകുന്നവരാണവർ. 'സംഘം കൂടി വരുന്നതുപോലെ അവർ നിന്റെ അടുക്കൽ വന്നു. എന്റെ ജനമായിട്ടു നിന്റെ മുമ്പിൽ ഇരുന്ന്, നിന്റെ വചനങ്ങളെ കേൾക്കുന്നു. എന്നാൽ അവർ അവയെ ചെയ്യുന്നില്ല. വായ്കൊണ്ടു അവർ വളരെ സ്നേഹം കാണിക്കുന്നു. ഹൃദയമോ ദുരാഗ്രഹത്തെ പിന്തുടരുന്നു' (യെഹസ്കേൽ 33:31).

'കേട്ടിട്ടു ചെയ്യാത്തവനോ അടിസ്ഥാനം കൂടാതെ മണ്ണിന്മേൽ വീടുപണിത മനുഷ്യനോടു തുല്യൻ. ഒഴുക്ക് അടിച്ച ഉടനെ അത് വീണു. ആ വീടിന്റെ വീഴ്ച വലിയതുമായിരുന്നു' (വി. ലൂക്കോസ് 6:49). ഉപദേശത്തിന്റെ ഓരോ കാറ്റിനാൽ അലഞ്ഞുഴലുന്ന ശിശുക്കൾ ആകരുതെന്ന വി. പൗലോസ് ശ്ലീഹായുടെ നിർദ്ദേശം ഇവിടെ പ്രസക്തമാണ് (എഫേ. 4:14).

3. മുള്ളിനിടയിൽ വീണ വിത്ത്

വാ. 7 'ചിലത് മുള്ളിനിടയിൽ വീണു. മുള്ളു മുളച്ചു വളർന്ന് അതിനെ ഞെരുക്കിക്കളഞ്ഞു. അതു വിളഞ്ഞതുമില്ല.' ലൗകിക കേൾവിക്കാർ ആണിത്. ലൗകികമായ ചിന്തയും മോഹങ്ങളും മനുഷ്യനിൽ കടന്നുവരുമ്പോൾ ദൈവരാജ്യത്തിന്റെ മർമ്മങ്ങൾ അടങ്ങിയ വചനത്തിന്റെ വളർച്ചയെ ഞെരുക്കിക്കളയുന്നു.

ജഡമോഹം വചനത്തിന്റെ വളർച്ചയെ നിഷ്ഫലമാക്കിത്തീർക്കുന്നു. 'ജഡസ്വഭാവമുള്ളവർ ജഡത്തിനുള്ളതും ആത്മസ്വഭാവമുള്ളവർ ആത്മാവിനുള്ളതും ചിന്തിക്കുന്നു. ജഡത്തിന്റെ ചിന്ത മരണം, ആത്മാവിന്റെ ചിന്തയോ ജീവനും സമാധാനവും.' (റോമർ 8:5)

ധനമോഹം വചനത്തിന്റെ സ്ഥിരതയാർന്ന വളർച്ചയ്ക്ക് ഹാനികരമാണ്. ധനമോഹം ദൈവത്തെ മറക്കാൻ ഇടയാക്കുന്നു (ആവ. 8:13,14), സമ്പത്തിൽ മനസ്സ് പതിയാനിടവരുന്നു (സങ്കീ. 62:10), വിശ്വസ്ഥത നഷ്ടപ്പെടുത്തുന്നു (സദൃ. 28:20), ദൈവരാജ്യ പ്രവേശനത്തിനു തടസ്സം വരുത്തുന്നു (വി. മത്തായി 19:23), ജീവിതം ശൂന്യമാക്കുന്നു (വി. മർക്കോസ് 4:19), ശക്തമായ പരീക്ഷകൾക്കു മനുഷ്യൻ വിധേയനാകുന്നു (1 തീമോ. 6:9).

4. നല്ല നിലത്തു വീണ വിത്ത്

'ചിലതു നല്ല മണ്ണിൽ വീണിട്ടു മുളച്ചു വളർന്നു ഫലം കൊടുത്തു. മുപ്പതും അറുപതും നൂറും മേനി വിളഞ്ഞു' (വാ. 8). വചനം കേൾക്കുകയും അംഗീകരിക്കുകയും ഫലം നൽകുകയും ചെയ്യുന്നവരാണവർ. നല്ല ഹൃദയത്തിൽ സംഗ്രഹിക്കുന്നവർ. വചനം പ്രമാണിക്കുന്നവർക്കുള്ള വാഗ്ദത്തങ്ങൾ പലതാണ്. 1. നിത്യജീവൻ: 'എന്റെ വചനം പ്രമാണിക്കുന്നവർ ഒരുനാളും മരണം കാൺകയില്ല' (വി. യോഹ. 8:51). 2. കാര്യസ്ഥൻ അധിവസിക്കുന്നു: വചനം പ്രമാണിച്ചാൽ, സത്യത്തിന്റെ ആത്മാവിനെ എന്നേക്കും നിങ്ങളോടുകൂടെ ഇരിക്കേണ്ടതിനു നിങ്ങൾക്കു തരും (വി. യോഹ. 14:15, 16). 3. ദിവ്യ കൂട്ടായ്മ: 'എന്റെ വചനം പ്രമാണിക്കുന്നവരെ, എന്റെ പിതാവ് സ്നേഹിക്കും. ഞങ്ങൾ അവന്റെ അടുക്കൽ വന്ന് അവനോടുകൂടെ വാസം ചെയ്യും' (വി. യോഹ. 14:23). 4. ദിവ്യ കരങ്ങൾ വെളിപ്പെടുത്തിത്തരുന്നു: (വി. യോഹ. 17:6). 5. നിർണ്ണയ (ഉറപ്പ്) ലഭിക്കുന്നു: (1 യോഹ. 2:3). 6. ദൈവിക സാമീപ്യം നൽകുന്നു: 'എന്റെ വചനം കാത്തതുകൊണ്ട്, നിന്റെ മുമ്പിൽ ഒരു വാതിൽ തുറന്നുവച്ചിരിക്കുന്നു' (വെളിപാട് 3:8). ❑

സത്യവും വിശ്വസ്തതയും

ഡോ. യാക്കോബ് മാർ ഐറേനിയോസ്

ഈ കഥയിലെ അമ്മയും മകനും, തികച്ചും വ്യത്യസ്തരായി കാണപ്പെടുന്നു. ആയിരത്തൊരുനൂറു വെള്ളിപ്പണം മോഷ്ടിച്ച മകനും, ആ കളവ് സമ്മതിച്ച് ഏറ്റുപറയുന്ന മകനെ അനുഗ്രഹിക്കുന്ന അമ്മയും!

തെറ്റു ചെയ്യാതിരിക്കുന്നതു ഉത്തമം, തെറ്റു ചെയ്തിട്ട് മാനസ്സാന്തരപ്പെടുന്നത് അത്യുത്തമം. തെറ്റു ചെയ്യുന്നതും, അതു സമ്മതിച്ച് ഏറ്റു പറയാതിരിക്കുന്നതും അധമം. തെറ്റു ചെയ്യാത്ത മനുഷ്യൻ ചുരുങ്ങും. എന്നാൽ അനുതപിച്ച് മാനസ്സാന്തരപ്പെടുന്നവൻ വലിയ ഒരു മാതൃകയാണ്. സമൂഹത്തിനാകമാനം തെറ്റു തുടരെ ചെയ്യുകയും, അനുതപിക്കാതിരിക്കുകയും ചെയ്യുന്നവർ സമൂഹത്തിനു ബാധ്യത മാത്രമല്ല; അപകടവുമാണ്. ആദിമാതാപിതാക്കളുടെ അനുസരണക്കേടിന്റെ "വീഴ്ച"യുടെയും കഥയിൽ, അവർ രണ്ടു പേരും യഹോവയോടു മാപ്പു ചോദിക്കുന്നില്ല. തെറ്റു ചെയ്തു എന്നു സമ്മതിക്കുക മാത്രം ചെയ്യുന്നതായി കാണുന്നു. മീഖായാവിന്റെ കാര്യത്തിൽ സ്വന്ത മനസ്സാലെ കുറ്റബോധമുണ്ടായതിന്റെ വെളിച്ചത്തിൽ, അമ്മയുടെ അടുത്ത് പരപ്രേരണ കൂടാതെ ഏറ്റുപറയുകയാണ്. അമ്മയുടെ പ്രതികരണം, അത്യധികം ശ്രദ്ധേയമാണ്. കളവു നടത്തിയ മകനെ അമ്മ, അതിന്റെ പേരിൽ ശകാരിക്കുന്നില്ല; മറിച്ച് അനുഗ്രഹിക്കുന്നു! ഇവിടെ ദൈവത്തിന്റെ മനസ്സാണ് ഈ അമ്മയ്ക്ക്.

ആദാം തെറ്റു ചെയ്തു എന്നു സമ്മതിച്ചെങ്കിലും, അതിൽ അനുതാപം കാട്ടുന്നില്ല. ആ തെറ്റു ചെയ്യാൻ പ്രേരിപ്പിച്ചയാളിന് ഉത്തരവാദിത്തം കൈമാറുകയാണ്. ആദാം യഥാർത്ഥമായി അനുതപിച്ച് മാപ്പപേക്ഷിച്ചിരുന്നെങ്കിൽ .... അതു ഭാവനയിൽ കാണാനേ പറ്റു; കഥയുടെ ഗതി മാറിയേനേ! മീഖാവ് തന്റെ തെറ്റിന് മറ്റാരെയും പഴിചാരുന്നില്ല. അമ്മയും മകനുമായുള്ള വാത്സല്യബന്ധം ഇവിടെ സുദൃഢമാകുന്നു. യഹോവ അനുഗ്രഹിക്കുന്നത് ആരെ? എന്ന ചോദ്യത്തിനുത്തരമാണീ കഥ! മീഖായാവ് ഒഴിഞ്ഞുമാറുകയോ, വീണിടത്തു കിടന്നുരുളുകയോ, വിശദീകരണങ്ങൾ അവതരിപ്പിക്കുകയോ ചെയ്യുന്നില്ല എന്നത് എക്കാലത്തേക്കുമുള്ള ഒരു മാതൃകയാണ്.

ഇത് മനുഷ്യന്റെ കഥയാണ്. അനുതപിക്കുന്നതു ദാവീദു രാജാവായാലും പത്രോസ് ശ്ലീഹാ ആയാലും അത് ദൈവാനുഗ്രഹത്തിനു വഴിതെളിക്കും. മനുഷ്യരായ നമ്മളും നിത്യേന, ചെറുതും വലുതുമായ അധർമ്മങ്ങൾ ചെയ്തുകൂട്ടുന്നവരാണ്. ശിംശോന്റെ കണ്ണുനീരും, മുടിയനായ പുത്രന്റെ മനസുമാറ്റവും നമുക്കു വളരെ പാഠങ്ങൾ നൽകുന്ന നമ്മുടെ മനസമാധാനത്തിനും, ദൈവത്തിന്റെ പ്രീതിയ്ക്കും ഈ വഴി മാത്രമേയുള്ളു. ദൈവം സകല ഹൃദയങ്ങളെയും ശോധന ചെയ്യുന്നവനാണല്ലോ.

"എഫ്രയീം മലനാട്ടിൽ മീഖായാവ് എന്നു പേരുള്ള ഒരു പുരുഷൻ ഉണ്ടായിരുന്നു. അവൻ തന്റെ അമ്മയോടു: നിനക്കു കളവുപോയതും നീ ഒരു ശപഥം ചെയ്തു ഞാൻ കേൾക്കെ പറഞ്ഞതുമായ ആയിരത്തൊരുനൂറു വെള്ളിപ്പണം ഇതാ, എന്റെ പക്കൽ ഉണ്ടു; ഞാനാകുന്നു അതു എടുത്തതു എന്നു പറഞ്ഞു. എന്റെ മകനേ, നീ യഹോവയാൽ അനുഗ്രഹിക്കപ്പെട്ടവൻ എന്നു അവന്റെ അമ്മ പറഞ്ഞു"

(ന്യായാധിപന്മാർ 17:1– 2)



"Adam means that which came out of Adama, the earth. His body has the same components as the earth. In fact, all living beings have bodies composed of the same elements as found in the earth.

The Tradition accepted an elementary form of the doctrine of evolution thirteen centuries before Charles Darwin. Gregory of Nyssa in 4th century held the view that the same force of creation, operating in inorganic matter, shaped the plant world or vegetative sphere of life, the animal world or the bio-sphere of life, and the human world.

He went further to say that the human body incorporates all the lower world animal and vegetative elements exist and operate idea, he held that man in a sense recapitulates and represents the whole universe, that in man the cosmos consciously responds to the Creator."

- Paulos Mar Gregorios

വില്പനയിൽ



സഭാജീവിത നാളാഗമം

പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവാ

പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ 1956–1961 കാലത്തെ ഡയറിക്കുറിപ്പുകളുടെ സമാഹാരം. **350 പേജ്. വില 400 രൂപ.** പരിമിതമായ കോപ്പികൾ മാത്രം.

കോപ്പികൾക്കു 7012270083 എന്ന വാട്ട്സാപ്പ് നമ്പറിൽ ബന്ധപ്പെടുക.

‘സത്യമായും ഈ മനുഷ്യൻ നീതിമാൻ ആയിരുന്നു!......’

അഡ്വ. ബിജു ഉമ്മൻ

(അസോസിയേഷൻ സെക്രട്ടറി, മലങ്കര ഓർത്തഡോക്സ് സഭ)

വിശുദ്ധിയിൽ വളർന്നുകൊണ്ടേയിരുന്ന പരിശുദ്ധ ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ സ്വർഗ്ഗീയ തീരത്തണഞ്ഞിരിക്കുന്നത് കാരുണ്യ സ്പർശത്തിന്റെ കൈയൊപ്പ് അവശേഷിപ്പിച്ചിട്ടാണ്. വ്യവഹാരങ്ങളുടെ കാലത്ത് കലർപ്പില്ലാത്ത നിലപാടുകൾ സ്വീകരിക്കുകയും ശാശ്വത സഭാ സമാധാനം ആത്മാർഥമായി ആഗ്രഹിച്ചിക്കുകയും ചെയ്ത ആ ധന്യ ജീവിതം സ്മരിക്കപ്പെടേണ്ടത് അദ്ദേഹത്തിലൂടെ ഒഴുകിയ കാരുണ്യ പ്രവാഹങ്ങളുടെ പേരിലാണ്.

അചഞ്ചലമായ ആത്മധൈര്യംകൊണ്ട് ലളിതമായി ജീവിതം നയിച്ച പരിശുദ്ധ ബാവാ ദരിദ്രർക്കും രോഗികൾക്കും നിസ്സഹായർക്കും മുൻപിൽ കാരുണ്യ സാഗരമായി കവിഞ്ഞൊഴുകിയ അനേകം അവസരങ്ങൾ ഉണ്ടായിട്ടുണ്ട്. പ്രതിസന്ധികളിൽപ്പെട്ട് ഉഴലുമ്പോഴും ഈറനണിഞ്ഞിട്ടില്ലാത്ത ആ മിഴികൾ, നിരാലംബർക്കും പാർശ്വവത്ക്കരിക്കപ്പെട്ടവർക്കും മുൻപിൽ അലിഞ്ഞുപോയിരുന്നു. അവർക്കുവേണ്ടി പ്രാർഥനയിൽ തിരുമേനി കണ്ണുനീർ ഒഴുക്കി.

സെറിബ്രൽ പാൾസി ബാധിതനായ അനുഗ്രഹും ആ കുട്ടിയെ സഹോദര തുല്യം സ്നേഹിച്ച് പരിചരിച്ച സഹപാഠി ഫാത്തിമ ബിസ്മിയും പരിശുദ്ധ ബാവാ തിരുമേനിയെ കാണാൻ എത്തിയ ദിനം ഇന്നും ഓർമയിലുണ്ട്. ട്രെയിനിൽ കോട്ടയത്തെത്തിയ ആ കുട്ടികളെ സ്വീകരിക്കുവാൻ കാതോലിക്കാ പദവിയും നടപടിക്രമങ്ങളും സ്നേഹപൂർവമുള്ള വിലക്കുകളും മറന്ന് തിരുമേനി റയിൽവേ സ്റ്റേഷനിൽ ചെന്നു. അവരോടൊപ്പം ചേർന്നപ്പോൾ അവരിലൊരാളായി പരിശുദ്ധ പിതാവ് മാറി.

സമീപകാലത്ത് പ്രോട്ടോൺ ചികിത്സയ്ക്ക് ചെന്നൈയിൽ പോയിവന്ന തിരുമേനിയുടെ മുൻപിൽ എംബിബിഎസ് വിദ്യാർഥിയായ ഒരു പെൺകുട്ടി ഫീസടയ്ക്കാൻ നിർവാഹമില്ലാത്തതിന്റെ വേദനയുമായി എത്തി. രോഗാതുരരായ മാതാപിതാക്കളെക്കുറിച്ചുള്ള ആകുലതകളും ഭാവിയെക്കുറിച്ചുള്ള ആശങ്കകളും പങ്കുവച്ച കുട്ടിക്കുമുൻപിൽ കാൻസർ ചികിത്സയുടെ അസ്വസ്ഥതകളും യാത്രയുടെ ക്ഷീണവും മറന്ന് അദേഹം കാരുണ്യത്തിന്റെ ഹസ്തം നീട്ടി. പഠിക്കുന്ന സ്ഥാപനത്തിൽ നേരിട്ട് അന്വേഷിച്ച് മുടങ്ങിയ ഫീസ് ഉൾപ്പെടെയുള്ള സഹായങ്ങൾ സന്തോഷപൂർവം നിർവഹിച്ചപ്പോൾ തിരുമേനിയുടെ സ്വന്തം ബാങ്ക് അക്കൗണ്ടിൽ തുച്ഛമായ തുക മാത്രമായിരുന്നു മിച്ചം.

വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളജിൽ ചികിത്സക്ക് എത്തിയിരുന്ന നിർധനരായ അനേകർക്ക് പരിശുദ്ധ പിതാവ് രഹസ്യത്തിൽ ചെയ്ത കലവറയില്ലാത്ത സഹായങ്ങളുടെ സാക്ഷ്യം കബറടക്കത്തിന് ശേഷമാണ് പുറംലോകം അറിയുന്നത്. അർഹരായവർക്ക് വിധവാ പെൻഷൻ നൽകുവാൻ ഒരു സാമ്പത്തിക പ്രതിസന്ധിയും തടസ്സമാക രുതെന്ന് പരിശുദ്ധ പിതാവ് നിർബന്ധപൂർവ്വം നിഷ്കർഷിച്ചിരുന്നു. ധനം ലഭിക്കുമ്പോൾ ഉള്ളതിനേക്കാൾ ആനന്ദം ആലംബഹീനർക്ക് അത് വിതരണം ചെയ്യുമ്പോൾ അദ്ദേഹത്തിൻറെ വദനത്തിൽ വിരിഞ്ഞിരുന്നു.

എളിയവരോട് ചേർന്ന് നിൽക്കുവാനും എളിയവരെ ചേർത്തു നിർത്തുവാനും ശ്രദ്ധിച്ച പരിശുദ്ധ ബാവാ തിരുമേനി, അത്യുന്നതമായ സ്ഥാനം അലങ്കരിച്ചപ്പോഴും സാധാരണക്കാരോടുള്ള തന്റെ ഐക്യത നിലനിർത്തി. വാക്കും പ്രവൃത്തിയും തമ്മിൽ അകലമുണ്ടാവരുത് എന്നതായിരുന്നു ആ ജീവിതത്തിന്റെ സന്ദേശം. മാനവ സേവനം ഔദാര്യം അല്ലെന്നും അത് ഓരോ വിശ്വാസിയുടെയും ഉത്തരവാദി ത്വമാണെന്നും പരിശുദ്ധ പിതാവ് ആവർത്തിച്ച് പഠിപ്പിച്ചിരുന്നു. ഉള്ളിലുള്ളത് മുഖത്തും വാക്കുകളിലും വിളങ്ങിയിരുന്ന അദ്ദേഹത്തിൽ കാപട്യം തെല്ലും വേരുപിടിച്ചില്ല. കീർത്തിയെക്കാളും പ്രീതിയെക്കാളും ബോധ്യങ്ങൾക്കും മനസാക്ഷിക്കും പ്രാധാന്യം നൽകിയ അദ്ദേഹം, മുഖംനോക്കാതെ സത്യസന്ധമായി സമിതികളിലും വ്യക്തികളോടും തന്റെ നിലപാട് പ്രകടിപ്പിച്ചിരുന്നു.

മലങ്കര ഓർത്തഡോക്സ് സഭയെ ജീവനു തുല്യമല്ല ജീവനെക്കാൾ ഉപരി സ്നേഹിച്ചിരുന്ന അദേഹം ഒരു സന്ദർഭത്തിൽ പറഞ്ഞത് ഓർക്കുന്നു. “ഒരു കൈയിൽ സഭയും മറുകൈയിൽ സ്വന്തം ജീവനും വച്ച് ഒന്ന് തിരഞ്ഞെടുക്കേണ്ടി വന്നാൽ, രണ്ടാമതൊന്ന് ആലോചിക്കാതെ എന്റെ സഭയെ ഞാൻ തിരഞ്ഞെടുക്കും” എന്നാണ്. മലങ്കര ഓർത്തഡോക്സ് സഭയ്ക്കുവേണ്ടി



ആത്മാർപ്പണം ചെയ്ത ജീവിതമായിരുന്നു അദ്ദേഹത്തിന്റെത്. ഈ സഭയ്ക്കു വേണ്ടി അദ്ദേഹം വിഭജിക്കപ്പെട്ടു. ആർക്കും എപ്പോഴും തന്നെ സധൈര്യം സമീപിക്കുവാൻ പരിശുദ്ധ പിതാവ് അവസരം നൽകി. ലാളിത്യവും നിർമ്മലതയും സവിശേഷമായി പരിശുദ്ധ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായിൽ സ്വഭാവവും അലങ്കാരവുമായി അന്തർലീ നമായിരുന്നു.

പരിശുദ്ധ പൗലോസ് ദ്വിതിയൻ ബാവ അനുഭവങ്ങൾ ധ്യാനങ്ങൾ എന്ന അദ്ദേഹത്തിന്റെ പുസ്തകത്തിൽ പറയുന്നതുപോലെ

“ദീർഘായുസ്സ്, ധനം, ജ്ഞാനം, പ്രശസ്തി, ഭരണപാടവം എന്നിവയൊക്കെ ഇവിടെ ഉപേക്ഷിക്കാൻ ഉള്ളതാണ്. ദൈവോൻമുഖമായ ജീവിതവും ഉപകാരപ്രദമായ നന്മകളും ആണ് എന്നും നിലനിൽക്കുന്നത്.”

സമ്പത്തിൽ ഭ്രമിക്കാതിരിക്കുകയും അർഹരായവർക്ക് നിർലോഭം അത് നൽകുകയും നിരാലംബരോട് താദാത്മ്യം പ്രാപിക്കുകയും ചെയ്ത പരിശുദ്ധ പിതാവിന്റെ ധന്യജീവിതം സഭാ ഭരണനിർവ്വഹണത്തിൽ പ്രകടിപ്പിച്ച സത്യസന്ധമായ ഉറച്ച നിലപാടുകളുടെ പേരിൽ മാത്രമല്ല അടയാളപ്പെ ടുത്തേണ്ടത്.

സംസാരസാഗരത്തിലെ കാറ്റിലും കോളിലും ഇളകാതെയും ഉലയാതെയും താൻ പ്രിയം വച്ച നിത്യതയുടെ തീരത്തേക്ക് ഒഴുകിക്കൊണ്ടിരുന്ന ലളിതസുന്ദരമായ ഒരു നൗകയായിരുന്നു പരിശുദ്ധ പിതാവ്.

പരിശുദ്ധ പിതാവിൽനിന്ന് സഭാമക്കൾ എന്ന നിലയിൽ നമുക്ക് ഉൾക്കൊള്ളാൻ കഴിയുന്ന ഏറ്റവും വലിയ പാഠം പ്രാർത്ഥനാ ജീവിതമാണ്.

രാത്രികളെ പകലുകളാക്കി ദൈവത്തിനു മുൻപിൽ മുട്ടുകുത്തി കണ്ണുനീരോടെ പ്രാർത്ഥിച്ചിരുന്ന അദ്ദേഹം, തന്റെ പരിമിതികളെക്കുറിച്ച് ബോധവാനായിരുന്നു. പ്രാർത്ഥനയിൽ നിന്നാണ് അദ്ദേഹം ഊർജ്ജവും ശക്തിയും കണ്ടെത്തിയിരുന്നത്. സഭയ്ക്കും സമൂഹത്തിനും വേണ്ടി അദ്ദേഹം പ്രാർത്ഥനാ യാമങ്ങളിൽ ഒഴുകിയ കണ്ണുനീർ ശേഖരിച്ചിരുന്നു എങ്കിൽ ഒരുതുരുത്തി നിറയുമായിരുന്നു. ദൈവവും മനുഷ്യനും നമ്മൾ കണ്ടുമുട്ടുന്ന വേദി പ്രാർത്ഥനയാണ്. പ്രാർത്ഥനയിലാണ് ദൈവീക പദ്ധതിയും വഴികളും എല്ലാം വെളിവാക്കപ്പെടുന്നത്. താൻ ദൈവത്തിലും ദൈവം തന്നിലും ആയിരിക്കുന്ന അവസ്ഥയാണ് പ്രാർത്ഥന എന്ന് പിതാവ് പലപ്പോഴും പറയുമായിരുന്നു. നിശബ്ദതയിൽ ഊർജ്ജം കണ്ടെത്തിയ അദ്ദേഹത്തിന്റെ ആത്മീയതയുടെ ആഴം നാം മനസ്സിലാക്കണം. പ്രതിസന്ധികൾ വർദ്ധിച്ചുവരുന്ന സന്ദർഭങ്ങളിൽ പലപ്പോഴും ഞാലിയാകുഴി ദയറായിലും പാമ്പാടി ദയറായിലും മൗനമായി ധ്യാനത്തിൽ കഴിയുവാൻ പരിശുദ്ധ പിതാവ് ഇഷ്ടപ്പെട്ടിരുന്നു.

അനുദിന ജീവിതത്തിൽ പ്രതിസന്ധികളും പ്രയാസങ്ങളും ഏറി വരുമ്പോൾ പരിശുദ്ധ പിതാവിന് ധന്യ ജീവിതത്തിൽ നിന്ന് നാം അനുകരിക്കേണ്ട ജീവിത പാഠം പ്രാർത്ഥനയുടെതാണ്.

‘പരിശുദ്ധ’ കാതോലിക്കാ ബാവാ എന്ന് അർത്ഥശങ്കയ്ക്കിടയില്ലാത്ത അദ്ദേഹത്തെ വിശ്വാസികൾ വിളിച്ചതിന് കാരണം. അദ്ദേഹത്തിന്റെ ആത്മീയ

വിശുദ്ധി, നിസ്വാർത്ഥ സ്നേഹത്തിലൂടെ പ്രകടമായി എന്നതുകൊണ്ടാണ്. വിശുദ്ധിയുടെ അന്തസത്ത സ്നേഹമാണ്.യേശു പ്രവർത്തിച്ച അദ്ഭുതങ്ങളെല്ലാം അവൻ ലോകത്തിന് നൽകിയ സ്നേഹ സ്പർശനങ്ങൾ ആയിരുന്നു. നിന്ദകളുടെയും പരിഹാസങ്ങളുടെയും നടുവിൽ സ്നേഹത്തിൽ നിലനിൽക്കുവാൻ കഴിയുന്നതാണ് വിശുദ്ധി. പരിഹസിക്കപ്പെടുന്ന സാഹചര്യ ത്തിൽ പോലും നിശബ്ദനായിരുന്നു ദൈവത്തെ സ്തുതിക്കുവാനും സഹജീവികളെ സ്നേഹിക്കുവാനും പരിശുദ്ധ പിതാവിന് കഴിഞ്ഞു. രോഗത്തിൻറെ തീഷ്ണതയും ശാരീരികമായ ബുദ്ധിമുട്ടുകളും അദ്ദേഹത്തിലെ വിശുദ്ധിയും പ്രാർത്ഥനാ ജീവിതവും കൂടുതൽ സ്പുടം ചെയ്യാൻ കാരണമായി.

രോഗവും പ്രതിസന്ധികളും ദൈവകൃപ അനുഭവിക്കുവാനുള്ള സവിശേഷ സന്ദർഭം ആക്കി മാറ്റിയ പരിശുദ്ധ പിതാവ് തന്റെ ജീവിതത്തിലൂടെ നമ്മെ ഓർമിപ്പിക്കുന്ന ആത്മീയ വെളിച്ചം അദ്ഭുതകരമാണ്.

കുന്നംകുളം ദേശത്ത് പഴഞ്ഞി മങ്ങാട് ഇടവകയിൽ കൊള്ളന്നൂർ വീട്ടിൽ കെ. ഐ. ഐപ്പ്-കുഞ്ഞീട്ടി എന്നീ മാതാപിതാക്കൾക്ക് ജനിച്ച പോൾ എന്ന ബാലൻ, പരിശുദ്ധ പൗലോസ് ദ്വിതീയൻ കാതോലിക്കാബാവാ ആയി വളർന്ന് കാലംചെയ്തതോടെ ആ അധ്യായം അവസാനിക്കുകയായിരുന്നില്ല. ജീവിച്ചിരുന്നപ്പോൾ എന്നപോലെ സ്വർഗ്ഗീയ സന്നിധിയിൽ സജീവസാന്നിധ്യമായി പരിശുദ്ധ സഭയ്ക്കു വേണ്ടി അദ്ദേഹം ഇനിയും പ്രാർത്ഥിച്ചും പ്രവർത്തിച്ചുകൊണ്ടേയിരിക്കും.

പരിശുദ്ധ പൗലോസ് ദ്വിതീയൻ കാതോലിക്കാബാവാ എന്ന സുഗന്ധ ധൂപത്തിന്റെ ആത്മീയ വാസനയാൽ ധന്യരായ തലമുറ എന്ന നിലയിൽ നാം സൗഭാഗ്യശാലികൾ ആണ്.



SDOF Sunday ഏഴാം പതിപ്പുമായി പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ.

അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയിൽ ആദ്യമായി വൃക്ക മാറ്റിവക്കൽ ശസ്ത്രക്രിയ വിജയകരമായി പൂർത്തീകരിച്ച ഡോക്ടർമാരുടെ സംഘത്തിന് നേതൃത്വം നൽകിയ അങ്കമാലി മാർ ഗ്രീഗോറിയോസ് ഇടവക അംഗവും SDOF യൂണിറ്റ് അംഗവുമായ ഡോ. ജോൺ എബ്രഹാമിന് SDOF മീറ്റിംഗിൽ വച്ച് അംഗങ്ങൾ പൂച്ചെണ്ടു നൽകി അനുമോദിച്ചു. കൂടാതെ ഫാദേഴ്സ് ഡേ ആഘോഷം ഡോക്ടറും ഇടവക വികാരി ഫാ. റിജോ മാത്യുവും ചേർന്ന് കേക്ക് മുറിച്ച് നിർവഹിച്ചു. തുടർന്ന് ശസ്ത്രക്രിയയുടെ അനുഭവങ്ങൾ ഡോക്ടർ പങ്കുവച്ചു. ഫാദേഴ്സ് ഡേ സന്ദേശം ഫാ. റിജോ മാത്യു നൽകി.

> **"നമ്മുടെ സഭ ദൈവത്തിന്റെ വകയാണെന്നും അതു ഒരിക്കലും നശിച്ചു പോകാൻ ഇടയില്ലെന്നും നിങ്ങൾക്കു നല്ലപോലെ വിശ്വാസം ഉണ്ടായിരിക്കേണ്ടതാണ്. ... സഭ ദൈവത്തിന്റെ സ്വന്തമാണെന്നും അതിൽ സ്വാഭിപ്രായം നട്ടു വളർത്താൻ ആർക്കും ദൈവം അവകാശം നൽകിയിട്ടില്ലെന്നും എല്ലാവരും ധരിച്ചിരിക്കേണ്ടതാണ്."**
>
> **– പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി**

ശൂരനാട് സെന്റ് തോമസ് ഓർത്തഡോക്സ് പള്ളി SDOF യൂണിറ്റ് സംഗമം 5-07-2026 ൽ നടന്നു.

അങ്കമാലി മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് ചർച്ചിലെ സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പിന്റെ (SDOF) ആഭിമുഖ്യത്തിൽ 'വളരാം... വളർത്താം' എന്ന പേരിൽ മാതാപിതാക്കൾക്കായുള്ള പേരന്റിംഗ് കൗൺസിലിംഗ് സെഷൻ സംഘടിപ്പിച്ചു. ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെമ്മോറിയൽ ഹാളിൽ നടന്ന പരിപാടിയിൽ വിവിധ ഇടവകകളിൽ നിന്നുള്ള മാതാപിതാക്കളും വിശ്വാസികളും പങ്കെടുത്തു. പ്രശസ്ത കൗൺസിലർ റസീന എം. എ. ക്ലാസിന് നേതൃത്വം നൽകി.

ഈശ്വര പ്രാർത്ഥന ഈ ലോകത്തെ പല വിധത്തിലും ദൈവത്തിന്റെ പാദാരാവിന്ദങ്ങളോടു ചേർക്കുന്ന പൊന്നിൻ ചങ്ങലയത്രെ. നിത്യവും ദൈവ പ്രാർത്ഥന ചെയ്യുന്നവൻ ഒരിക്കലും അസത്യവാനോ ദുർമ്മാർഗ്ഗിയോ, അവിശ്വാസിയോ, ഭക്തിഹീനനോ, ജനദ്വേഷിയോ, സ്വാമിദ്രോഹിയോ ആയിത്തീരുന്നതല്ല.

– പ. പരുമല തിരുമേനി

നെറ്റിത്തൊഴു യൂണിറ്റിന്റെ പ്രവർത്തനോദ്ഘാടനം

കട്ടപ്പന: സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പിന്റെ നെറ്റിത്തൊഴു താബോർ സെന്റ് ജോർജ് ഓർത്തഡോക്സ് വലിയപള്ളി യൂണിറ്റിന്റെ പ്രവർത്തന ഉദ്ഘാടനം മലങ്കരസഭയിലെ സീനിയർ വൈദികൻ ഫാ. വി. കെ. വർഗീസ് വട്ടമല കോർ എപ്പിസ്കോപ്പാ നിർവഹിച്ചു. യോഗത്തിൽ ഇടവക വികാരി ഫാ. എബി വർഗീസ് അധ്യക്ഷത വഹിച്ചു. ഇടവക അസി. വികാരി ഫാ. റോണി ബെന്നി, നെറ്റിത്തൊഴു സെന്റ് ഗ്രീഗോറിയോസ് കരുണാ ഭവൻ അഡ്മിനിസ്ട്രേറ്റർ സിസ്റ്റർ ഫേബാ, ഭദ്രാസന സെക്രട്ടറി ജയൻ കുരുവിള വട്ടമല, കേന്ദ്ര അസംബ്ലി അംഗം ഷിബു ഫീലിപ്പോസ്, ഇടവക ട്രസ്റ്റി കെ. എം. ജോൺ, സെക്രട്ടറി ജിജോ ഉമ്മൻ, ഭദ്രാസന കൗൺസിലംഗം കെ. വി. തോമസ് എന്നിവർ സംസാരിച്ചു.

സ്വർഗ്ഗവും നരകവും

ഫാ. കെ. വി. ഏലിയാസ്

പരിശുദ്ധ സഭ എന്നും ഓർക്കേണ്ടതായി പറയുന്ന കാര്യങ്ങളാണ് 'മരണം, ന്യായവിധി, സ്വർഗ്ഗം-നരകം' എന്നിവ. സ്വർഗ്ഗവും നരകവും യാഥാർത്ഥ്യമാണെന്നകാര്യമാണ് ഇതിലൂടെ സഭ പഠിപ്പിക്കുന്നത്. എങ്കിൽ എന്താണ് സ്വർഗ്ഗം, എന്താണ് നരകം എന്ന ചോദ്യം പ്രസക്തമാണ്. വി. വേദപുസ്തകം, ചരിത്രം, സഭയുടെ ആരാധനാ ക്രമം എന്നിവയിലൂടെ ഇവസംബന്ധിച്ച ഒരന്വേഷണമാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം. സ്വർഗ്ഗവും നരകവും രണ്ട് 'സ്ഥല'ങ്ങളാണെന്ന (Space) ചിന്തയാണ് പൊതുവെ സഭ വച്ചുപുലർത്തുന്നത്.

സ്വർഗ്ഗവും നരകവും വേദപുസ്തകത്തിൽ

പുറപ്പാട് 20:4, ആവർത്തനപുസ്തകം 5:8 ഭാഗങ്ങളിൽ പത്തുകല്പനകൾ പറയുന്നിടത്ത് പ്രപഞ്ചത്തെ മൂന്നു തട്ടുകളാക്കി സൃഷ്ടിച്ചിരിക്കുന്നുവെന്ന ഒരു പരാമർശമാണുള്ളത്. 'മേൽ സ്വർഗ്ഗത്തിലോ, താഴെ ഭൂമിയിലോ, ഭൂമിക്കുകീഴെ വെള്ളത്തിലോ' എന്ന് പറയുമ്പോൾ ദൈവത്തിന്റെ ലോകസൃഷ്ടി മൂന്നു തട്ടുകളായാണെന്ന് പറയുന്നു. ഈ ആശയം സങ്കീർത്തനക്കാരനും പിന്തുടരുന്നു (ഉദാ. സങ്കീ. 115:15–17). സ്വർഗ്ഗം ദൈവത്തിന്റെ സിംഹാസനവും ഭൂമി അവന്റെ പാദപീഠവുമാണ്.

സ്വർഗ്ഗം

ലോകസൃഷ്ടിയെക്കുറിച്ചുപറയുന്ന ഉല്പത്തി 1:6–8 ഭാഗങ്ങളിൽ 'ആകാശം' എന്ന പ്രയോഗം എബ്രായ ഭാഷയിലെ 'സ്വർഗ്ഗം' എന്ന അർത്ഥംവരുന്ന വാക്കിന്റെ വിവർത്തനമാണ്. ഇവിടെയും സങ്കീ. 148:4 ലും ഭൂമിക്കുമേലുള്ള ഒരു വിതാനമാണ് സ്വർഗ്ഗം/ആകാശം. അത് തൂണുകളാൽ താങ്ങിനിർത്തിയിരിക്കുന്നതായി ഇയ്യോബ് 26:11ലും, അടിസ്ഥാനമുള്ളതായി 2 ശമു. 22:8ലും നാം വായിക്കുന്നു. മഴയും മഞ്ഞും കന്മഴയും ഇടിയുമെല്ലാം പുറപ്പെടുന്നത് ഇവിടെ നിന്നാണ് (പുറ. 9:22–35, യെശയ്യ 55:10, യോശു. 10:11). ദൈവം നൽകുന്ന അടയാളങ്ങൾ കാണുക ഈ വിതാനത്തിലാണ്. (ഉല്പ. 9:12–17). ദൈവസൃഷ്ടിയുടെ സമഗ്രത (totality) ആകാശവും ഭൂമിയും ചേർന്ന് സൂചിപ്പിക്കുന്നു. അങ്ങനെ സ്വർഗ്ഗം/ആകാശം ഒരു ഭൗതിക യാഥാർത്ഥ്യമായി വി. വേദപുസ്തകം ചിത്രീകരിക്കുന്നു.

ദൈവം സീനായ് പർവ്വതത്തിലും (ആവ. 33:2, സങ്കീ. 68:17) ദേവാലയത്തിലും (1 രാജാ 8:12–13, സങ്കീ. 68:17–18, യെഹസ്കീ. 43:7) സീയോനിലും (സങ്കീ. 74:2, യെശ 8:18, യോവേൽ 3:17, 21) വസിക്കുന്നുവെന്നുണ്ടെങ്കിലും ദൈവത്തിന്റെ അധിവാസ സ്ഥലം സ്വർഗ്ഗമാണെന്ന പരാമർശം (യെശ. 6:1, സങ്കീ. 11:4, യെശ. 66:1), സൃഷ്ടിയിൽ നിന്നും ദൈവം വേറിട്ടുനിൽക്കുന്നുവെന്നും ദൈവം പ്രപഞ്ചാതീതഭാവനാണെന്നും (transcendent) വ്യക്തമാക്കുന്ന ഒരു പരാമർശമാണ്. അതുകൊണ്ട് രക്ഷയുടെ ഉറവിടം സ്വർഗ്ഗമാണ് എന്ന് മനസ്സിലാക്കാം.

മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള യഹൂദ ചിന്തയുടെ ഉത്ഭവത്തോടെ മരിച്ചവർ ദൈവത്തോടുകൂടെ സ്വർഗ്ഗത്തിൽ വസിക്കുന്നുവെന്ന ചിന്ത രൂപപ്പെട്ടു. അപ്പോക്രിഫാ ഗ്രന്ഥങ്ങളായ അബ്രഹാമിന്റെ പ്രമാണം, 2 എസ്ദ്രാസ് എന്നീ പുസ്തകങ്ങൾ ഈ ചിന്ത മുന്നോട്ടുവയ്ക്കുന്നു (ദാനീ. 12:2–3 നോ).

സ്വർഗ്ഗം നിത്യാനന്ദത്തിന്റെ ഇടമാണെന്ന ചിന്ത പുതിയനിയമം സാക്ഷ്യപ്പെടുത്തുന്നു (യോഹ. 14:2, 2 കൊരി 5:1–10). ഇത് വിശ്വാസികളുടെ സുരക്ഷാ കേന്ദ്രമാണ് (ഫിലി. 3:20, എബ്രാ. 11:16, വെളി. 11:12). പൗലോസ് ശ്ലീഹാ മൂന്നാം സ്വർഗ്ഗത്തോളം എടുക്കപ്പെട്ടു (2 കൊരി. 12:2) എന്ന പ്രസ്താവം സ്വർഗ്ഗം വ്യത്യസ്ത തലങ്ങളിലുണ്ടെന്ന സൂചനയാണ്. പ്രവാസാനന്തര യഹൂദ ലിഖിതങ്ങൾ സ്വർഗ്ഗത്തെ ഏഴു തലങ്ങളുള്ളതായി ചിത്രീകരിക്കുന്നുണ്ട്. ഇതിൽ ഒന്നോ അതിലധികമോ ദുഷ്ടന്മാരുടെ ശിക്ഷയ്ക്കുള്ള ഇടമാണത്രെ.

അതെന്തായിരുന്നാലും യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണമാണ് നീതിമാന്മാരായ സകല മനുഷ്യർക്കും മാതൃക (യോഹ. 14 :11–3, 1 കൊരി. 15:20–28, റോമ. 8:29–30).

നരകം/പാതാളം

യവനഭാഷയിൽ 'ഹെയ്ഡ്സ്' എന്നും എബ്രായഭാഷയിൽ 'ഷെയോൾ' എന്നും പറയുന്ന ഈ സ്ഥലം മരിച്ചവർ എല്ലാവരും ചെന്നുചേരുന്ന ഇടമാണ്. പീഡനത്തിന്റെ സ്ഥലമല്ല, മൃതരെല്ലാവരും ചെന്നെത്തുന്ന ഒരു പൊതു ഇടമാണിത് എന്ന് അപ്പോക്രിഫാ പുസ്തകങ്ങൾ വിവരിക്കുന്നു (2 മക്കാ. 6:23, ഹാനോക്കിന്റെ പുസ്തകം 102:5, 103:7 മുതലായവ).

പുനരുത്ഥാന സമയത്ത് പാതാളം അതിലേല്പിച്ചിരുന്ന സകലരേയും തിരിച്ചേൽപ്പിക്കും. (ഹാനോക് 51:3; 2 എസ്ദ്രാസ് 4:42, വെളി. 20:13) അതായത്, പാതാളത്തിന്റെയും പൂർണ്ണനിയന്ത്രണം ദൈവത്തിനു തന്നെ.

മരിച്ചുകഴിഞ്ഞാൽ ഏഴുദിവസത്തേക്ക് മൃതരുടെ ആത്മാക്കൾ സ്വതന്ത്രമായി നടന്ന് നീതിമാന്മാർക്കുള്ള പ്രതിഫലവും തിന്മ ചെയ്തവർക്കുള്ള പീഡനങ്ങളും ചുറ്റിനടന്നു കാണുന്നുവെന്ന് 2 എസ്ദ്രാസ് 7:55–101 ഭാഗങ്ങളിൽ കാണുന്നു. നിത്യദണ്ഡനത്തിന്റെ സ്ഥലമായി നരകത്തെ ചിത്രീകരിക്കുന്നത് പിൽക്കാല രചനകളിലാണ്.

വി. ആരാധനാക്രമത്തിൽ

നമ്മുടെ വി. കുർബ്ബാനയിൽ സകല പരേതരെയും (ആനീദെ) ഓർക്കുന്ന ഞായറാഴ്ചത്തെ സെദ്റായിൽ ഇങ്ങനെ വായിക്കുന്നു, 'മറഞ്ഞുകിടക്കുന്നതായ മരിച്ചവരെ കബറുകളുടെ ഉള്ളിൽ നിന്ന് പുറത്തുകൊണ്ടുവരുവാനായി വിളങ്ങുന്ന പാതാളത്തിന്റെ വാതിൽ തുറക്കപ്പെടുന്നു", പാതാളം സകല പരേതരുടെയും വാസസ്ഥലമെന്ന കാര്യമാണ് ഇവിടെയും സൂചിതം.

മുഖസ്തുതിയില്ലാത്തതായ നീതിയോടുകൂടിയ ഭയങ്കര ന്യായവിധി ദിവസത്തിൽ ഇവരെയെല്ലാം ഒരുമിച്ചുകൂട്ടും ന്യായവിധിയുടെ ശേഷമാണ് യഥാർത്ഥത്തിൽ ശാശ്വതമായ ജീവനോ നിത്യനാശമോ ഒരുവനു ലഭിക്കുന്നത്. ന്യായവിധിയിലേയ്ക്കു പ്രവേശിക്കാതെ മരണത്തിൽ നിന്ന് ജീവനിലേയ്ക്കു കടക്കണമെന്നാണ് നാം പ്രാർത്ഥിക്കുന്നത്. വൈദികരുടെ ശവസംസ്കാര ശുശ്രൂഷയിൽ (3-ാം ക്രമം പ്രുമിയോൻ – സെദ്റാ) 'ദുഃഖങ്ങളില്ലാത്തതും മരണം

വാഴ്ച നടത്താത്തതുമായ' ഒരുസ്ഥലമാണ് സ്വർഗ്ഗം എന്ന് കാണുന്നു. വേദനകളോ ദു:ഖങ്ങളോ നെടുവീർപ്പുകളോ അവിടെയില്ല. ഇങ്ങനെയുള്ള ഒരുദേശത്തേയ്ക്ക് ഈ ആത്മാവ് പറന്നുയരണം എന്നും പറയുന്നു. അതായത്, നീതിമാന്മാർക്കായി കാത്തുവച്ചിരിക്കുന്നതും ഭൂമിയിൽ നിന്നും ദൂരെ ഉയരത്തിലുള്ളതും അബ്രഹാം, യിസ്ഹാക്ക്, യാക്കോബ് മുതലായ പൂർവ്വികർ വസിക്കുന്നതും, പുത്രനാം ദൈവം മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റ് പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്നതുമായ 'മഹോന്നത'മാണ് സ്വർഗ്ഗരാജ്യം. വേദപുസ്തകം നമുക്ക് മുമ്പിൽ അവതരിപ്പിച്ച മൂന്നു തട്ടുകളുള്ള പ്രപഞ്ചസങ്കല്പത്തിൽ അടിയുറച്ചു വിശ്വസിച്ചുതന്നെയാണ് വി. സഭ സ്വർഗ്ഗത്തെ മനസ്സിലാക്കുന്നത്. യെശയ്യാവ് തന്റെ ദർശനത്തിൽ കണ്ടതും (6-ാം അദ്ധ്യായം) ഈ സ്വർഗ്ഗം തന്നെ. അത് ദൈവത്തിന്റെ വാസസ്ഥലം. നന്മ ചെയ്തവർ ചെന്നുചേരുന്നയിടം, ഇതുവരെ ജീവിച്ച് കടന്നുപോയ വിശുദ്ധർ സന്തോഷാനന്ദാഹ്ലാദത്തോടെ വസിക്കുമിടം.

SABHA THEJAS MAR DIONYSIUS FIFTH
14th Malankara Metropolitan

S – SABHA THEJAS shines, light of the Malankara Sabha,
A – ARCHITECT of modern Church, with vision far and wide.
B – BEYOND caste he built a path, where all could learn and grow,
H – HE gave 250+ schools, equal education's glow.
A – A voice for women, for the marginalized, he stood,
A father's heart that made the broken whole and good.

T – THEJAS of the 14th Malankara Metropolitan, a guiding name,
H – HEIR to legacy — nephew of Seminary founder's fame.
E – ESTABLISHED MD Seminary, Parumala, Kottapuram too,
J – JOINED with Vettikkal Dayara, Kunnamkulam Sehion Bungalow.
A – AND St. Thomas Printing Press he raised,
AS "Father of Education" in Malankara's praise.
M – MAR DIONYSIUS FIFTH, courageous, charismatic, strong,
A – ADMINISTRATOR dynamic, led the Church for 33 years long.
R – ROOTED in loyalty, integrity his crown,
RAISED Sunday School, SCM — faith passed down.

D – DIONYSIUS who opened Edavaka Patrika, Suvisheshakan, Atmaposhini,
I – IN print and pulpit, truth and light he set free.
O – ONE with Parumala Kochuthirumeni, steadfast support he gave,
N – NAMED by his vision, Malankara's golden era he paved.
Y – YEAR 76th age, he went home like "Paradeshiyude Katha",
S – SLEPT in the Lord, 12th Feb 1909, Old Seminary entombed anew.
I – IN 1889 Royal Verdict, undisputed leader he became,
U – UNSHAKEN through legal storms, Kunnamkulam tradition's flame.
S – SABHA THEJAS forever — his light still guides the way.

A visionary, a builder, a shepherd true —
Malankara Orthodox Church rises brighter because of you.

– Sabu George, Kadammanitta

നമ്മുടെ ആരാധനാ ക്രമങ്ങൾ പാതാളത്തെ സങ്കടരംഗമായി ചിത്രീകരിക്കുന്നു. ആഴമേറിയ കുഴിയിലേക്ക് വിളിക്കപ്പെടുകയെന്നാൽ നിത്യദണ്ഡനത്തിലേക്കു നിപതിക്കുകയെന്നാണ്. വെള്ളത്തിനുവേണ്ടിയാചിക്കുന്ന ധനവാന്റെ അവസ്ഥയാണിത്. ഈ നരകം-അബദ്ദോൻ-ന്യായവിധിനാൾവരെ മൃതർ തങ്ങുന്ന സ്ഥലമല്ല, പ്രത്യുത ന്യായവിധിയിൽ തിന്മചെയ്തവരായി വിധിക്കപ്പെട്ട് ശിക്ഷിക്കപ്പെടുന്നവർ നിത്യനാശത്തിന്, ദണ്ഡനത്തിന് അടിപ്പെടുന്ന സ്ഥലമാണ്.

വലതുഭാഗത്തെ കുഞ്ഞാടുകളോടു ചേരുക, ജീവന്റെ സ്ഥാനത്തു നീതിമാന്മാരുടെ കൂട്ടത്തിൽ ചേരുക (സ്ത്രീകളുടെ ശവസംസ്കാരം. 1-ാം ശുശ്രൂഷ സ്ലൂസോ, 3-ാം ശുശ്രൂഷ സ്ലൂസോ) 'സ്വർഗ്ഗരാജ്യത്തിലെ മണവറയും തോട്ടവും മേശയും' കർത്താവിൽ നിന്ന് നേടുക (ഹൂത്തോമ്മോ ശവസംസ്കാരം) എന്നൊക്കെ പറയുന്നത് സ്വർഗ്ഗരാജ്യാനുഭവം.

പുനരുത്ഥാന ദിവസം വരെ വസിച്ചിട്ട്, ന്യായവിധിക്കു വിധേയപ്പെട്ട് ശിക്ഷിക്കപ്പെടുന്നവരുടെ അവകാശം നരകം. കെടാത്ത തീയും, ചാകാത്ത പുഴുവും, അന്ധകാരവും അവിടുത്തെ അവസ്ഥയാണ്. പാപികൾ ഈ ആഴമേറിയ കുഴിയിലേക്ക് വിധിക്കപ്പെട്ട് ഇടത്തുഭാഗം നിത്യദണ്ഡനത്തിലേയ്ക്ക് തള്ളപ്പെടുകയും ചെയ്യപ്പെടുന്നു. ഈ അവസ്ഥയാണ് നരകം.

വേദപുസ്തകം സ്വർഗ്ഗത്തേയും നരകത്തേയും ഒരു ത്രിതല പ്രപഞ്ചഘടനയിലാണ് അവതരിപ്പിക്കുന്നത്. മദ്ധ്യത്തിൽ നാം വസിക്കുന്ന ഭൂമി. സ്വർഗ്ഗം ജീവനിലേയ്ക്കു മാറുന്നവരുടെ, ആശ്വാസവും ആനന്ദവും നിറഞ്ഞ സ്ഥലം. നരകമാകട്ടെ തിന്മചെയ്തവർ ന്യായവിധിക്കുശേഷം ശിക്ഷിക്കപ്പെട്ട് അവകാശമാക്കുന്നയിടം. നിത്യസൗഭാഗ്യത്തിന്റെയും നിത്യദണ്ഡനത്തിന്റെയും രണ്ടു ധ്രുവങ്ങളായി സ്വർഗ്ഗവും നരകവും നമുക്ക് മുമ്പിൽ വിരചിതമാക്കുന്നു. ഈ അർത്ഥത്തിൽ തന്നെയാണ് പരിശുദ്ധസഭയും, അതിന്റെ ആരാധനാ ക്രമങ്ങളിലൂടെ സ്വർഗ്ഗത്തേയും നരകത്തേയും വിശദമാക്കാൻ ശ്രമിക്കുന്നത്. ആത്യന്തികമായി, മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള ആകുലതയിൽ നിന്ന് ഉടലെടുക്കുന്ന ഒരു ചിന്തയായി സ്വർഗ്ഗത്തേയും നരകത്തേയും നമുക്ക് മനസ്സിലാക്കാം. ഇവിടെയായിരിക്കുമ്പോൾ നന്മചെയ്തു ജീവിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്ന ഒരു പ്രധാന ചിന്തയാണ് ഈ ധ്രുവസങ്കല്പങ്ങൾ (സ്വർഗ്ഗവും നരകവും) നമുക്ക് തരുന്നത്. ❑

കുട്ടമ്പേരൂർ സിയോൻപുരം സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയിലെ എസ്.ഡി.ഒ.എഫ്. യൂണിറ്റ് നടത്തിയ ജീവിതശൈലി ബോധവൽക്കരണ ക്ലാസ്സ് ഡോ. ജേക്കബ് ബറൈറ്റ് നയിക്കുന്നു.

കൊല്ലം ഭദ്രാസനത്തിലെ തൃപ്പിലഴികം സെന്റ് തോമസ് സെഹിയോൻ ഓർത്തഡോക്സ് പള്ളി യൂണിറ്റിന്റെ ഉദ്ഘാടനം എസ്.ഡി.ഒ.എഫ്. കേന്ദ്ര ട്രഷറർ അഡ്വക്കേറ്റ് ഉമ്മൻ ജോൺ നിർവ്വഹിച്ചു. വികാരി ഫാദർ ജോർജി കെ. അലക്സിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കേന്ദ്ര കമ്മിറ്റി അംഗം ഷാലു ജോൺ എസ്.ഡി.ഒ.എഫിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ക്ലാസ് എടുത്തു. സഭാ മാനേജിംഗ് കമ്മിറ്റിയംഗവും ഇടവക ട്രസ്റ്റിയുമായ റോബിൻ പി. അലക്സ്, സെക്രട്ടറി ബിജു വി. തോമസ് എന്നിവർ ആശംസകൾ അർപ്പിച്ചു. എസ്. ഡി.ഒ.എഫ് സെക്രട്ടറി മഞ്ജു ജേക്കബ്, അനിഷ് ടി. ജോൺ എന്നിവർ പ്രസംഗിച്ചു.

SDOF Sunday ആറാം പതിപ്പ് കേന്ദ്ര റീജിയണൽ സെക്രട്ടറി ബോബിൻ മർക്കോസ് പ്രകാശനം ചെയ്തു. ഫാ. പൗലോസ് നൈനാനും കൂരോപ്പട സെന്റ് ജോൺസ് ദേവാലയത്തിലെ SDOF പ്രവർത്തകരും സമീപം.

തോട്ടയ്ക്കാട് മാർ അപ്രേം പള്ളിയിലെ എസ്.ഡി.ഒ.എഫ്. യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ കുട്ടികൾക്കായി അവധിക്കാല നീന്തൽ പരിശീലന കോഴ്സ് Ann's Eco Swimming Academy യുമായി സഹകരിച്ച് നടത്തി. കോഴ്സ് പൂർത്തീകരിച്ച 14 കുട്ടികൾക്ക് എസ്.ഡി.ഒ.എഫ്. ഫാമിലി മീറ്റിൽ വച്ച് ഫാ. മാത്യു കുരുവിള, തറവട്ടത്തിൽ (സഹ വികാരി) സർട്ടിഫിക്കറ്റ് സമ്മാനിച്ചു. ഷിജോ എം. കുരുവിള (കോട്ടയം ഭദ്രാസന സെക്രട്ടറി), യൂണിറ്റ് സെക്രട്ടറി റോയി ജോൺ ചെത്തിക്കുളത്ത് എന്നിവർ സമീപം.

SDOF Sunday
St. Dionysius Orthodox Fellowship

ആശംസകളോടെ...

Prinu T Mathews
(Editorial Board Member)